(ഇ) സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭ്യമാക്കുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കുമോ ;

(എഫ്) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 986082 അപേക്ഷകൾ.

(ബി) ഇതിൽ 786507 അപേക്ഷകളിൽ തീർപ്പു കൽപ്പിച്ച് റേഷൻ കാർഡ് നൽകിയിട്ടുണ്ട്.

(സി) 199575 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി തീർപ്പു കൽപ്പിച്ച് റേഷൻ കാർഡു നൽകുന്നതിന് എല്ലാ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ&എഫ്) സംസ്ഥാനത്ത് റേഷൻ കാർഡിന് അർഹമായ മുഴുവൻ കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ തന്നെ നിലവിലുണ്ട്. കേരളത്തിൽ 30-11-2010-വരെ 7053615 കുടുംബങ്ങൾക്ക് റേഷൻകാർഡ് നൽകിയിട്ടുണ്ട്. റേഷൻ കാർഡിന് അർഹതയുള്ള കുടുംബങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ അന്വേഷണവിധേയമായി അർഹരായവർക്ക് റേഷൻകാർഡ് അനുവദിക്കുന്നതാണ്. ഓൺലൈൻ മുഖാന്തിരവും നേരിട്ടും അപേക്ഷകൾ സമർപ്പിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

രണ്ടു രൂപ നിരക്കിൽ ഭക്ഷ്യ ധാന്യം ലഭിക്കാൻ നടപടി

85 (151) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിലോഗ്രാമിന് രണ്ടു രൂപ നിരക്കിൽ ഭക്ഷ്യ ധാന്യം ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് മൺപാത്ര നിർമ്മാണ തൊഴിലാളികൾ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഇ) ഇവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) തൊഴിൽ മേഖലയിൽ ക്ഷേമനിധി ബോർഡ് നിലവിലില്ലാത്ത പരമ്പരാഗത തൊഴിലാളികൾക്കും കൂടി ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ പദ്ധതി നടത്തിപ്പിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എല്ലാ ബി.പി.എൽ/എ.എ.വൈ. കാർഡ് ഉടമകൾക്കും 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യം ലഭിക്കും. കൂടാതെ എ.പി.എൽ. വിഭാഗത്തിൽ 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത് ബന്ധപ്പെട്ട തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നോ വകുപ്പുകളിൽ നിന്നോ ലഭിക്കുന്ന ലിസ്റ്റുകൾ പ്രകാരമാണ് സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ പെൻഷൻകാർ ഒരേക്കറിൽ കൂടുതൽ ഭൂമി സ്വന്തമായുള്ളവർ എന്നിവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയില്ല.

(ബി) അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങളിൽപെട്ട കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, ബീഡി, പനമ്പ്, ഈറ്റ, തോട്ടം, ഖാദി, കൈത്തറി, തഴപ്പായനിർമ്മാണം, മൺപാത്ര നിർമ്മാണം എന്നി വിഭാഗങ്ങളിൽപെട്ട തൊഴിലാളികൾക്കും ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് 50 ദിവസമെങ്കിലും പണി ചെയ്തിട്ടുള്ളവർക്കും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും രണ്ടു രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന വിഭാഗങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. പരമ്പരാഗത ആഭരണ നിർമ്മാണത്തൊഴിലാളികൾ, ഓട്ടുകമ്പനിത്തൊഴിലാളികൾ, ഓട്ടോ മൊബൈൽ റിപ്പയറിംഗ് തൊഴിലാളികൾ, സ്കൂൾ ശുചീകരണ-പാചകത്തൊഴിലാളികൾ, ഭാഗ്യക്കുറിമേഖലയിലെ തൊഴിലാളികൾ, ഓട്ടോറിക്ഷാ തൊഴിലാളികൾ, ഇ.പി.എഫ്. പെൻഷൻകാർ, നിർമ്മാണ തൊഴിലാളികൾ, കള്ളുചെത്തു തൊഴിലാളികൾ വികലാംഗർ, പെട്രോൾ ബങ്കിൽ പണിയെടുക്കുന്നവർ, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൃഷിനിലം ഇല്ലാത്ത നിർമ്മാണ തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, മോട്ടോർ തൊഴിലാളികൾ, കരകൗശല രംഗത്തെ തൊഴിലാളികൾ, കശുവണ്ടി തോട്ടം തൊഴിലാളികൾ തയ്യൽ തൊഴിലാളികൾ, സർക്കാരിതര ഖാദി ജീവനക്കാർ, ക്ഷീരകർഷകർ, പെയിന്റിംഗ് തൊഴിലാളികൾ, വൃദ്ധ ജനങ്ങൾ, പേപ്പർ വ്യവസായം (കൈത്തൊഴിൽ), മദ്രസ അദ്ധ്യാപകർ.

(സി-ഇ) മൺപാത്ര നിർമ്മാണത്തൊഴിലാളികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹർക്ക് പദ്ധതിയുടെ ആനുകൂല്യം നല്കിവരുന്നു.

(എഫ്) തൊഴിലാളി ക്ഷേമനിധി ബോർഡ് ഇല്ലാത്ത പരമ്പരാഗത തൊഴിലാളി വിഭാഗങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പ് നല്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരമാണ്, ഇവർക്ക് ഈ ആനുകൂല്യം നല്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly